പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2259 — 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി പ്രതിസന്ധിയും നിയന്ത്രണങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ചന്ദ്രൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | നിലവിലുള്ള ലോഡ്ഷെഡ്ഡിംഗ് സമയം കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സമയമാണ്; | (എ) | ഇല്ല |
| (ബി) | വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ എന്തെല്ലാം നിയന്ത്രണങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന്, സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടു കൂടി താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>(i) 27.09.2012 മുതൽ രാവിലെ 6 മുതൽ 9 മണിവരെയും വൈകുന്നേരം 6.30 മുതൽ രാത്രി 10.30 വരെയും അരമണിക്കൂർ വീതം സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ 15.12.2012 മുതൽ വിവിധ വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് താഴെ പറയുന്ന രീതിയിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അധികമായി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് നിലവിലുള്ള നിരക്കുകൾക്ക് പുറമേ, എനർജി ചാർജ്ജ് കൂടി പെനാൽറ്റിയായി ഈടാക്കുന്നു.<br><br>(ii) നിലവിൽ ലോഡ് ഷെഡ്ഡിംഗ് ഇല്ലാത്ത എച്ച്.റ്റി, ഇ.എച്ച്.റ്റി ഉപഭോക്താക്കൾ അവരുടെ ഉപഭോഗം, മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 75 % ആയി |

നിജപ്പെടുത്തുകയും അതിൽ കൂടുതലായി വരുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള നിരക്കുകൾക്ക് പുറമേ എനർജി ചാർജ്ജ് പെനാൽറ്റിയായി ഈടാക്കിയുംവരുന്നു.

(iii) നിലവിൽ ലോഡ് ഷെഡ്ഡിംഗ് ഉള്ള HT, EHT, LT.II, LT.IV, LT.V (A), LT.VI (B), LT/ VI (C), LT.VII (A), LT.VII (B), LT.VII (C) തുടങ്ങിയ എൽ.റ്റി വിഭാഗം ഉപഭോക്താക്കൾ, അവരുടെ ഉപഭോഗം മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 80 % ആയി നിജപ്പെടുത്തുകയും അതിൽ കൂടുതൽ വരുന്ന ഉപഭോഗത്തിന് ഓരോ യൂണിറ്റിനും നിലവിലുള്ള നിരക്കുകൾക്ക് പുറമേ എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കി വരുന്നു.

(iv) എല്ലാ ഗാർഹിക ഉപഭോക്താക്കളും അവരുടെ ദ്വൈമാസ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തുകയും, അതിൽ കൂടുതലായി വരുന്ന ഉപഭോഗത്തിന് യൂണിറ്റൊന്നിന് നിലവിലുള്ള നിരക്കുകൾക്ക് പുറമേ എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കി വരുന്നു.

ഇത് കൂടാതെ എല്ലാ വിഭാഗം ഉപഭോക്താക്കളും അവരുടെ പീക്ക് സമയത്തെ ഉപഭോഗം പരമാവധി കുറയ്ക്കണമെന്നും, അലങ്കാരാവശ്യത്തിനും മറ്റ് ആഡംബരാവശ്യങ്ങൾക്കും ഉള്ള വൈദ്യുതിയുടെ ഉപയോഗം പരമാവധി ഒഴിവാക്കണമെന്നും, വൈദ്യുതി ബോർഡ് പത്രമാധ്യമങ്ങളിലൂടെയും അഭ്യർത്ഥിച്ചിട്ടുണ്ട്.

നാഷണൽ സർവ്വീസ് ഡിപ്പാർട്ട്മെൻറിന് കീഴിലുള്ള മഹിളാ പ്രധാൻ ഏജന്റുമാർ വീടുകൾ തോറും ഊർജ്ജ സംരക്ഷണ ആവശ്യകതയെപ്പറ്റിയും,. നിലവിലുള്ള വൈദ്യുതി പ്രതിസന്ധിയെപ്പറ്റിയും സി.എഫ്.എൽ (C.F.L), എൽ.ഇ.ഡി (L.E.D) എന്നിവ ഉപയോഗിക്കുക വഴി വൈദ്യുതി ഉപഭോഗം ഗണ്യമായി കുറയുന്നതും തത്ഫലമായി വൈദ്യുതി ബില്ലിൽ

ഉണ്ടാകുന്ന കുറവിനെപ്പറ്റിയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

കൂടാതെ റസിഡൻറ്സ് അസ്സോസിയേഷനുകൾ വഴി അതാത് സ്ഥലങ്ങളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ നടപടികൾ സംഘടിപ്പിച്ചു വരുന്നു.

(സി) സബ് സ്റ്റേഷനുകളുടെ റിപ്പയർ എന്ന വ്യാജേന ആഴ്ചയിൽ ഒരു ദിവസം പവർ ഹോളിഡെ പ്രഖ്യാപിക്കുവാൻ പോകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) പവർ ഹോളിഡേ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.